# വിജ്ഞാപനം

നമ്പർ: 125/2015/സം.തി.ക തിരുവനന്തപുരം, 2015 ഒക്ടോബർ 01.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 153-ാം വകുപ്പ് (3) -ാം ഉപവകുപ്പ് പ്രകാരം 26.09.2015-ലെ സ.ഉ.(അച്ചടി) നമ്പർ 300/2015/ത.സ്വ.ഭ.വ-ാം നമ്പർ ഉത്തരവിലൂടെ 2015-ലെ ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്കായി, സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളിൽ 417 എണ്ണം സ്ത്രീകൾക്കും, 46 എണ്ണം പട്ടികജാതി സ്ത്രീകൾക്കും, 46 എണ്ണം പട്ടികജാതിക്കാർക്കും, 8 എണ്ണം പട്ടികവർഗ്ഗസ്ത്രീകൾക്കും, 8 എണ്ണം പട്ടികവർഗ്ഗക്കാർക്കും സർക്കാർ സംവരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം സംവരണം ചെയ്ത ഗ്രാമപഞ്ചായത്തു പ്രസിഡന്റ് സ്ഥാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 153-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം 2015-ലെ ത്രിതല പഞ്ചായത്തുകളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിന് സംസ്ഥാനത്തെ വിവിധ ജില്ലകളിലേയ്ക്ക് ചുവടെ നൽകിയിട്ടുള്ള പട്ടികയിൽ പറയും പ്രകാരം വീതിച്ചു നൽകിക്കൊണ്ട് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

## പട്ടിക

### ജില്ലതിരിച്ചുള്ള സംവരണ സ്ഥാനങ്ങളുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | സ്ത്രീ | പട്ടിക ജാതി | പട്ടിക ജാതി സ്ത്രീ | പട്ടിക വർഗ്ഗം | പട്ടിക വർഗ്ഗ സ്ത്രീ | ആകെ |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 31 | 4 | 5 | 1 | 0 | **41** |
| 2 | കൊല്ലം | 29 | 5 | 5 | 0 | 0 | **39** |
| 3 | പത്തനംതിട്ട | 24 | 2 | 3 | 0 | 0 | **29** |
| 4 | ആലപ്പുഴ | 32 | 3 | 4 | 0 | 0 | **39** |
| 5 | കോട്ടയം | 33 | 3 | 2 | 1 | 0 | **39** |
| 6 | ഇടുക്കി | 23 | 3 | 2 | 1 | 1 | **30** |
| 7 | എറണാകുളം | 37 | 4 | 3 | 0 | 0 | **44** |
| 8 | തൃശ്ശൂർ | 38 | 5 | 5 | 0 | 0 | **48** |
| 9 | പാലക്കാട് | 36 | 6 | 7 | 1 | 1 | **51** |
| 10 | മലപ്പുറം | 42 | 5 | 5 | 1 | 0 | **53** |
| 11 | കോഴിക്കോട് | 32 | 3 | 3 | 0 | 1 | **39** |
| 12 | വയനാട് | 9 | 1 | 0 | 2 | 3 | **15** |
| 13 | കണ്ണൂർ | 34 | 1 | 1 | 0 | 1 | **37** |
| 14 | കാസറഗോഡ് | 17 | 1 | 1 | 1 | 1 | **21** |
| **ആകെ** | | **417** | **46** | **46** | **8** | **8** | **525** |

ഒപ്പ്

**കെ. ശശിധരൻ നായർ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം - 695 033